## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 569 10.03.15-ലെ മറുപടിക്ക്**
**"ഓൺലൈൻ കച്ചവടസ്ഥാപനങ്ങളുടെ നികുതി വെട്ടിപ്പ്"**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. ദാസൻ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | ഓൺലൈൻ കച്ചവടസ്ഥാപനങ്ങൾ നികുതി നൽകാതെ സംസ്ഥാനത്ത് നടത്തിവരുന്ന അനധികൃത കച്ചവടങ്ങൾക്കെതിരെ നിയമസഭയിൽ ഉയർന്നുവന്ന ആക്ഷേപങ്ങളെ തുടർന്ന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഓൺലൈൻ സൈറ്റിലൂടെ സാധനങ്ങൾ വാങ്ങുന്ന പ്രവണത വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ ഓൺലൈൻ വഴി ഓർഡറുകൾ സ്വീകരിക്കുകയും ഉപഭോക്താക്കൾക്ക് സാധനങ്ങൾ എത്തിക്കുകയുമാണ് ചെയ്യുന്നത്. ഉപഭോക്താക്കളുടെ പേരിൽ ബില്ല് ചെയ്യുവരുന്ന ഇത്തരം സാധനങ്ങൾക്ക് അതാത് സംസ്ഥാനങ്ങളിൽ നിലവിലുള്ള നികുതി ഈടാക്കിയതായാണ് ബില്ലിൽ രേഖപ്പെടുത്തിക്കാണുന്നത്. നിയമപരമായി അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് നടത്തുന്ന വില്പന, കേന്ദ്ര വില്പന നികുതി നിയമം അനുവദിച്ചിട്ടുള്ളതും ഭരണഘടനാപരമായി തടയുവാൻ ബുദ്ധിമുട്ടുള്ളതുമാണ്.<br>എന്നാൽ ഓൺലൈൻ വില്പനയുടെ ചില വസ്തുതകൾ പരിശോധിച്ച് അതു സംസ്ഥാനത്തിനകത്തെ വിൽപനയായി പരിഗണിക്കേണ്ടതാണെന്നും നികുതി ബാധ്യത ഉണ്ടെന്നും കാണിച്ച് വാണിജ്യ നികുതി വകുപ്പ് ഇത്തരം സ്ഥാപനങ്ങൾക്ക് പിഴ ചുമത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഇടപാടുകൾ നടത്തിയ ഏതെല്ലാം സ്ഥാപനങ്ങൾക്കെതിരെ വാണിജ്യ നികുതി വകുപ്പ് പിഴ ചുമത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്; ഏതെല്ലാം സ്ഥാപനത്തിൽ നിന്ന് ഇതിനകം പിഴ ഈടാക്കാൻ സാധ്യമായി; | (ബി) | വാണിജ്യ നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം പിഴ ചുമത്തിയ സ്ഥാപനങ്ങളുടെ വിവരം താഴെ പറയുന്നു, ചുമത്തിയ പിഴ ബ്രാക്കറ്റിൽ<br>ഫ്ലിപ്കാർട്ട് (47.15 കോടി രൂപ)<br>ജബോംഗ് (3.89 കോടി രൂപ) |

| | | | |
|---|---|---|---|
| | വിശദമാക്കുമോ; | | വെകൂർ ഇ കൊമേഴ്സ് (2.23 കോടി രൂപ)<br>റോബ്മാൾ (0.36 കോടി രൂപ)<br>ബ്ലൂഡാർട്ട് DHL എക്സ്പ്രസ്സ്<br>(9.09 കോടിരൂപ)<br>ഇൻഡ്യ ഓൺലൈൻ എക്സ്പ്രസ്സ് (പി) ലിമിറ്റഡ് (2.67 കോടി രൂപ)<br>ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഫ്ലിപ്കാർട്ടിൽ നിന്നും പിഴ ഈടാക്കുന്നതിന് താൽക്കാലിക സ്റ്റേ അനുവദിച്ചിട്ടുണ്ട്. മറ്റുള്ളവരിൽ നിന്നും പിഴ ഈടാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (സി) | രജിസ്ട്രേഷൻ ഇല്ലാതെ വർഷങ്ങളായി നികുതി വെട്ടിപ്പ് നടത്തി വ്യാപാരം നടത്തി വന്നിരുന്നവർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കാൻ വൈകിയതിന്റെ കാരണം വെളിപ്പെടുത്താമോ? | (സി) | അന്യ സംസ്ഥാനങ്ങളിൽ നിന്നും നിയമപരമായി കേരളത്തിലേക്ക് നടത്തുന്ന വില്പന കേന്ദ്ര വില്പന നികുതി നിയമം അനുവദിച്ചിട്ടുള്ളതാണ്. അത്തരം വ്യാപാരങ്ങൾ തടയുവാൻ ഭരണഘടനാപരമായി ബുദ്ധിമുട്ടുണ്ട്. അന്തർ സംസ്ഥാന വില്പന ഒരു കേന്ദ്ര വിഷയവുമാണ്. വ്യക്തമായ നിയമത്തിന്റെ അഭാവം ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതിൽ ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. |

**സെക്ഷൻ ആഫീസർ.**